"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇലക്ഷൻ വകുപ്പ് - ലോക് സഭാ പൊതു തിരഞ്ഞെടുപ്പ് 2024 - ഇലക്ഷൻ ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇലക്ഷൻ (എക്യുപ്മെന്റ്) വകുപ്പ്

സ.ഉ.(സാധാ) നം.469/2023/ELEC തീയതി,തിരുവനന്തപുരം, 25-12-2023

പരാമർശം:- 1) 04.12.2023 ലെ ഇഇ2/42/2023-ഇലക് നമ്പർ സർക്കാർ കത്ത്.
സ്റ്റേഷനറി കൺട്രോളറുടെ 08.12.2023 ലെ STY/964/2023-C3
2) (1) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലോക് സഭയിലേയ്ക്ക് 2024 ൽ നടക്കുന്ന പൊതുതിരഞ്ഞടുപ്പിൽ ഉപയോഗിക്കുന്നതിനായി (വോട്ടിംഗ് കമ്പാർട്ട്മെന്റ്കൾ ഒഴികെ) 26 ഇനം സ്റ്റേഷനറി സാധനങ്ങൾ പരാമർശം (1) പ്രകാരം സ്റ്റോർ പർച്ചേസ് മാനുവൽ അനുസരിച്ച് ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സ്റ്റേഷനറി കൺട്രോളറോട് അഭ്യർത്ഥിച്ചിരുന്നു. ആയതനുസരിച്ച് 26 ഇനം സ്റ്റേഷനറി സാധനങ്ങൾ (വോട്ടിംഗ് കമ്പാർട്ട്മെന്റ്കൾ ഒഴികെ) വാങ്ങി നൽകുന്നതിന് ₹ 2,35,00,000/- (രണ്ടു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ചിലവ് പ്രതീക്ഷിക്കുന്നതായും ആയതിനാൽ ടി തുകയ്ക്കുള്ള ഭരണാനുമതി നൽകണമെന്നും സ്റ്റേഷനറി കൺട്രോളർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2024 ലെ ലോക് സഭാ തിരഞ്ഞെടുപ്പിന് പോളിംഗ് ബൂത്തിലേക്ക് ആവശ്യമായ 26 ഇനം സ്റ്റേഷനറി സാധനങ്ങൾ (വോട്ടിംഗ് കമ്പാർട്ട്മെന്റ്കൾ ഒഴികെ) സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഇ - ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിന് 2,35,00,000/- രൂപയുടെ (രണ്ടു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ ചെലവ് "2015-00-105-99-34-3" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ എസ് രൂസി

ഡെപ്യൂട്ടി സെക്രട്ടറി ആൻഡ് ഡെപ്യൂട്ടി ചീഫ് ഇലക്ടറൽ ഓഫീസർ

സ്റ്റേഷനറി കൺട്രോളർ, സ്റ്റേഷനറി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) ,കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരളം, തിരുവനന്തപുരം
ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് ( സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ.ഉ.(സാധാ) നം.469/2023/ELEC

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Arun S R
സെക്ഷൻ ഓഫീസർ
Date: 26-12-2023 14:32:13